**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 25** **22-07-2021 - ൽ മറുപടിയ്ക്ക്**

**കടമെടുപ്പ് വ്യവസ്ഥകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് ,<br>ശ്രീ . ടി. വി. ഇബ്രാഹിം ,<br>ശ്രീ . മഞ്ഞളാംകുഴി അലി ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിന്റെ മൊത്തം ആഭ്യന്തര ഉൽപാദനത്തിന്റെ അര ശതമാനം കൂടുതൽ കടമെടുക്കാനുള്ള അനുമതിക്ക് കേന്ദ്രസർക്കാർ എന്തെല്ലാം വ്യവസ്ഥകളാണ് നിശ്ചയിച്ചിരിക്കുന്നത്; | (എ) | കോവിഡ് -19 മഹാമാരി സംസ്ഥാന സാമ്പത്തിക സ്ഥിതിയെ പ്രതികൂലമായി ബാധിച്ചതിന്റെ പശ്ചാത്തലത്തിൽ കേന്ദ്രസർക്കാർ 2021-22 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ വായ്പപരിധി ജി.എസ്.ഡി.പിയുടെ 3 ശതമാനത്തിൽ നിന്നും പരമാവധി ജി.എസ്.ഡി.പിയുടെ 4.5 ശതമാനമായി പരിഷ്കരിച്ചിട്ടുണ്ട്. ഇതിൽ 3.5 ശതമാനം നിബന്ധനകൾ ഇല്ലാതെയും 2021-22 വർഷത്തേയ്ക്ക് മൂലധനചെലവിനത്തിൽ കേന്ദ്രസർക്കാർ നിശ്ചയിച്ചിട്ടുള്ള 12,547 കോടി രൂപയുടെ ലക്ഷ്യം കൈവരിക്കണമെന്ന നിബന്ധനയോടെ 0.50 ശതമാനം വായ്പയും 0.5 ശതമാനം വായ്പ ഊർജ്ജമേഖലയിൽ വരുത്തേണ്ട പരിഷ്കാരങ്ങൾക്ക് അനുസൃതമായിട്ടുമാണ് സംസ്ഥാനത്തിന് അനുവദിച്ചിട്ടുള്ളത്. |
| (ബി) | വൈദ്യുത ബോർഡിന്റെ നഷ്ടം നാലുവർഷം കൊണ്ട് സർക്കാർ ഏറ്റെടുക്കണമെന്നും വൈദ്യുതി വിതരണം സ്വകാര്യവൽക്കരിക്കണമെന്നും കേന്ദ്രസർക്കാർ നിർദ്ദേശിച്ചിട്ടുണ്ടോ; | (ബി) | പൊതു മേഖല വൈദ്യുതി വിതരണ കമ്പനികളുടെ നഷ്ടം ഘട്ടം ഘട്ടമായി സംസ്ഥാന സർക്കാർ ഏറ്റെടുക്കണമെന്ന നിബന്ധനയൊടെയാണ് കേന്ദ്രസർക്കാർ അധിക വായ്പയെടുക്കാൻ അനുവദിച്ചിട്ടുള്ളത്. ഇതിൻ പ്രകാരം 2022-23 ൽ 60 ശതമാനവും 2023-24 ൽ 75 ശതമാനവും 2024-25 ൽ 90 ശതമാനവും 2025-26 മുതൽ 100 ശതമാനവും വൈദ്യുതി വിതരണ കമ്പനികളുടെ നഷ്ടം സംസ്ഥാന സർക്കാർ ഏറ്റെടുക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. വൈദ്യുതി വിതരണം സ്വകാര്യവത്കരിക്കണമെന്ന് പ്രത്യക്ഷമായി പറയുന്നില്ലെങ്കിലും വൈദ്യുതി മേഖലയുടെ സ്വകാര്യവൽകരണമാണ് ഇതിലൂടെ കേന്ദ്ര സർക്കാർ ലക്ഷ്യമിടുന്നത്. |
| (സി) | ഇക്കാര്യത്തിൽ സംസ്ഥാന സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോ; വിശദാംശം നൽകുമോ? | (സി) | സർക്കാർ ഇക്കാര്യം പരിശോധിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ